I/58423/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(സാന്നിദ്ധ്യം : പ്രിയങ്ക ജി.IAS)**

വിഷയം:- വനിത ശിശു വികസന വകുപ്പ് – മഹിള ശക്തി കേന്ദ്ര District Level Centre for Women – ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ വേതനം നൽകുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 85/2019/സാനീവ തീയതി 12.02.2019.
2. സ.ഉ (സാധാ) നം. 793/2019/സാനീവ തീയതി 19.12.2019.
3. സ.ഉ (സാധാ) നം. 533/2019/സാനീവ തീയതി 07.10.2020.
4. ഈ കാര്യാലയത്തിലെ 30.11.2020, 05.03.2021 , 15.03.2021 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ.
5. 21.04.2021 തീയതിയിലെ G.O(Rt)No.3650/2021/Fin നമ്പർ ഉത്തരവ്
6. 05.09.2022 തീയതിയിലെ സ.ഉ(സാധാ)നം.402/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്.
7. <u>06-09-2022</u> തീയതിയിലെ DWCD/1057/2022-WEC4(1) നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/1057/2022-WEC4(3) ; തീയതി: 06-09-2022</u>**

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തികരിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള ശക്തി കേന്ദ്ര (MSK) പദ്ധതി. ടി പരിപാടിയുടെ നടത്തിപ്പിനായി പരാമർശം (1), (2), (3) പ്രകാരം എല്ലാ ജില്ലകളിലും District Level Centre for Women ( DLCW) ആരംഭിക്കുന്നതിനു ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

മഹിള ശക്തി കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിനായി 2022-23 വർഷം കേന്ദ്ര റിലീസ് ലഭിച്ചിട്ടില്ല. മാത്രമല്ല ടി പദ്ധതി 31.03.2022 തീയതി അടിസ്ഥാനത്തിൽ നിറുത്തലാക്കി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ മഹിള ശക്തി കേന്ദ്ര പദ്ധതി പ്രകാരം സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ വേതനം മാറി നൽകേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര റിലീസ് ലഭിച്ചിട്ടില്ലാത്ത പക്ഷം ബന്ധപ്പെട്ട ശീർഷകത്തിലെ തുക PFMS SNA അക്കൗണ്ട് മുഖേന വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമായിട്ടുണ്ട്. അപ്രകാരം മഹിള ശക്തി കേന്ദ്ര പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആകെ 48,81,884/- രൂപ ടി പദ്ധതിക്കായുള്ള 0889104000111775 (State Scheme Code-265) PFMS-SNA അക്കൗണ്ട് മുഖേന വിനിയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം(3) പ്രകാരം സർക്കാർ ഉത്തരവാകുകയും ടി തുക പരാമർശം(4) പ്രകാരം PFMS SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നും District Level Centre for Women ( DLCW) ലെ ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ വേതനം മാറി നൽകേണ്ടതുണ്ട്. ആയത് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അനുവദിക്കാവുന്നതാണ്.

1/58423/2022

| ക്രമ.നം | തസ്തിക | പ്രതിമാസ വേതനം | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | ആകെ തുക |
| 1 | Women Welfare Officer(KL.06.01) | 21000 | 14000 | 35000 |
| 2 | District Co ordinator-1 (KL.06.02) | 12000 | 8000 | 20000 |
| 3 | District Co ordinator-2 (KL.06.02) | 12000 | 8000 | 20000 |
| ഒരു District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് ഒരു മാസത്തെ വേതനം നൽകുന്നതിനാവശ്യമായ തുക. | | 45,000 | 30,000 | 75,000 |
| ഒരു District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ. മേയ്, ജൂൺ മാസങ്ങളിലെ വേതനംനൽകുന്നതിനാവശ്യമായ തുക . | | 180000 | 120000 | 300000 |
| പതിനാല് ജില്ലകളിലെയും District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് 4 മാസത്തെ വേതനം നൽകുന്നതിനാവശ്യമായ തുക . | | 2520000 | 1680000 | 4200000 |

ടി സാഹചര്യത്തിൽ District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് 2022 മാർച്ച്, ഏപ്രിൽ. മേയ്, ജൂൺ മാസങ്ങളിലെ വേതനം നൽകുന്നതിന് ഒരു ജില്ലയ്ക്ക് 3,00,000/-രൂപ വീതം 14 ജില്ലകൾക്കുമായി ആകെ 42,00,000/- രൂപ (നാൽപ്പത്തി രണ്ടു ലക്ഷം രൂപ മാത്രം) Salary Expenditure of District Level Centre for Women ൽ ഉൾപ്പെടുത്തി IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള 0889104000111775 (State Scheme Code-265) PFMS-SNA അക്കൗണ്ടിൽ നിന്നും ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ടി തുകയിൽ 25,20,000/-രൂപ (ഇരുപത്തി അഞ്ചു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) കേന്ദ്ര വിഹിതം തുകയും 16,80,000/- രൂപ(പതിനാറു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) സംസ്ഥാന വിഹിതം തുകയുമാണ്. ജില്ല വനിത ശിശു വികസന ഓഫീസർമാർ തുക വിനിയോഗിച്ച് UC,SOE എന്നിവ യഥാസമയം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് : എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

1. സൂപ്രണ്ട് എ സെക്ഷൻ
2. സൂപ്രണ്ട്. ബിൽ സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 06-09-2022 16:32:03